# കേരളസർവകലാശാല

നം.പി.ആർ.232/2020

## പത്രക്കുറിപ്പ്

### പരീക്ഷാഫീസ്

2021 ജനുവരി 4 ന് ആരംഭിക്കുന്ന രണ്ടാം വർഷ ബി.ഫാം.സപ്ലിമെന്ററി, ജനുവരി 18 ന് ആരംഭിക്കുന്ന മൂന്നാംവർഷ ബി.ഫാം. സപ്ലിമെന്ററി എന്നീ പരീക്ഷകൾക്ക് പിഴകൂടാതെ നവംബർ 30 വരെയും 150 രൂപ പിഴയോടെ ഡിസംബർ 3 വരെയും 400 രൂപ പിഴയോടെ ഡിസംബർ 7 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

ആറാം സെമസ്റ്റർ ബി.എം.എസ്. ഹോട്ടൽ മാനേജ്മെന്റ് കോഴ്സിന്റെ പ്രാക്ടിക്കൽ, പ്രോജക്ട് ഇവാല്യുവേഷൻ എന്നിവ ഡിസംബർ 3 മുതൽ 11 വരെ അതതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2020 ഡിസംബർ 7 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ. (വിദൂരവിദ്യാഭ്യാസം – 2019 അഡ്മിഷൻ ആന്റ് 2018 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷ 2021 ജനുവരി 4 മുതൽ നടത്തുന്നതാണ്. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

ഡിസംബർ 18 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എഡ്. ഡിഗ്രി (2019 സ്കീം – റെഗുലർ ആന്റ് 2015 സ്കീം സപ്ലിമെന്ററി) പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

ഡിസംബർ 22 മുതൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.ടെക്. (2008 സ്കീം) സെപ്റ്റംബർ 2020, സപ്ലിമെന്ററി, പാർട്ട് ടൈം, 2007 അഡ്മിഷൻ വരെയുള്ള മേഴ്സിചാൻസ് പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് (എം.വി.എ.) (പെയിന്റിംഗ് ആന്റ് ആർട് ഹിസ്റ്ററി) ഒന്ന്, നാല് സെമസ്റ്റർ പരീക്ഷകൾ നവംബർ 27 ന് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2020 ജൂലൈയിൽ നടത്തിയ എം.എൽ.ഐ.എസ്.സി. 2018 – 2020 ബാച്ച് (സി.എസ്.എസ്.) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

2019 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.കോം. എസ്.ഡി.ഇ. (റെഗുലർ, ഇംപ്രൂവ്മെന്റ് ആന്റ് സപ്ലിമെന്ററി) പരീക്ഷയുടെയും 2020 ജനുവരിയിൽ നടത്തിയ രണ്ടാം

സെമസ്റ്റർ (റെഗുലർ, ഇംപ്രൂവ്മെന്റ് ആന്റ് സപ്ലിമെന്ററി) പരീക്ഷയുടെയും ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ഡിസംബർ 3 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഗ്രേസ് മാർക്കിന് അപേക്ഷിക്കാം

കേരളസർവകലാശാല (എഫ്.ഡി.പി. സി.ബി.സി.എസ്.) 2016 – 2019 അദ്ധ്യയന വർഷത്തിലെ ഗ്രേസ് മാർക്കിന് അർഹരായ വിദ്യാർത്ഥികൾ (എൻ.എസ്.എസ്., എൻ.സി.സി., സ്പോർട്സ് മുതലായവ) ഗ്രേസ് മാർക്ക് ലഭിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ കോളേജ് തലത്തിലും ഗ്രേസ് മാർക്ക് ശുപാർശ ചെയ്യേണ്ട അതതു വിഭാഗങ്ങളുടെ ഓഫീസിൽ നിന്നുമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി പരീക്ഷാകൺട്രോളർക്ക് ഡിസംബർ 10 ന് മുൻപായി സമർപ്പിക്കേണ്ടതാണ്. അതിനു ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

## വെർച്വൽ ടോക്കൺ സമ്പ്രദായം പുനഃരാരംഭിച്ചു

കേരളസർവകലാശാലയുടെ ആലപ്പുഴ, കാര്യവട്ടം, പാളയം ക്യാഷ് കൗണ്ടറുകളിൽ പരീക്ഷാഫീസ് ഒഴികെ, മറ്റിനം ഫീസുകൾ നേരിട്ട് ഒടുക്കുവാനായി 'വെർച്വൽ ടോക്കൺ സമ്പ്രദായം' വെബ്സൈറ്റ് ലിങ്കിൽ https://pay.keralauniversity.ac.in/kupay/home പുനഃരാരംഭിച്ചു. തലേദിവസം ടോക്കൺ രജിസ്ട്രേഷൻ ലഭിച്ച 300 പേർക്ക് വീതം, മാത്രമായി കോവിഡ് മാനദണ്ഡപ്രകാരം കൗണ്ടർ സന്ദർശനം പ്രവർത്തി ദിനത്തിൽ നിജപ്പെടുത്തി. സമയം: രാവിലെ പത്തര മുതൽ ഒരു മണി വരെയും ഉച്ചയ്ക്ക രണ്ട് മണി മുതൽ മൂന്ന് വരെയും. ശേഷം നാലു മണി വരെ പി.ഓ.എസ്. മെഷീൻ വഴി പണം സ്വീകരിക്കും. ആലപ്പുഴ കേന്ദ്രത്തിലെ ഇടപാടുകൾ എ.ടി.എം. കാർഡ് വഴി മാത്രമായിരിക്കും.

## സീറ്റ് ഒഴിവ്

കേരളസർവകലാശാലയുടെ പഠനഗവേഷണ വകുപ്പുകളിൽ എം.എ.ജർമ്മൻ,എം.എഡ്., എം.എ.മ്യൂസിക്, എം.എ.തമിഴ്, എം.എ.വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, എം.എസ്.സി.കമ്പ്യൂട്ടേഷണൽ ബയോളജി ആന്റ് ബയോഇൻഫോർമാറ്റിക്സ്, എം.ടെക്. കമ്പ്യൂട്ടർ സയൻസ്, എം.ടെക്. ഒപ്റ്റോ ഇലക്ട്രോണിക്സ് ആന്റ് ഒപ്റ്റിക്കൽ കമ്മ്യൂണിക്കേഷൻ, എം.ടെക്. ടെക്നോളജി മാനേജ്മെന്റ് എന്നീ കോഴ്സുകൾക്ക് 2020 അഡ്മിഷന് ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി നവംബർ 27 ന് വകുപ്പുകളിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഒഴിവുകളുടെ വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്പോട്ട് അഡ്മിഷൻ

കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഒന്നാം വർഷ ബി.ടെക്. കോഴ്സുകളിലെ (ഇ.സി., സി.എസ്., ഐ.ടി.) ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ നവംബർ 25 മുതൽ 27 വരെ കോളേജ് ഓഫീസിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ കോളേജ് വെബ്സൈറ്റിൽ ലഭ്യമാണ്. www.ucek.in ഫോൺ: 9037119776, 9846332974

കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഒന്നാം വർഷ ബി.ടെക്. കോഴ്സുകളിലെ (ഇ.സി., സി.എസ്., ഐ.ടി.) ഒഴിവുള്ള എൻ.ആർ.ഐ. സീറ്റുകളിലേക്കുള്ള അഡ്മിഷൻ നവംബർ 27 ന് 10.00 മണിക്ക് കോളേജ് ഓഫീസിൽ വച്ച് നടത്തുന്നതാണ്. വിശ

ദവിവരങ്ങൾ കോളേജ് വെബ്സൈറ്റിൽ ലഭ്യമാണ്. www.ucek.in ഫോൺ: 9037119776, 9846332974

പബ്ലിക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം**

24.11.2020

e-mail: ku.release@gmail.comwebsite: www.keralauniversity.ac.in University information is available on
9188526671, 9188526675 , 9188526670, 9188526674